# പതിനഞ്ചാം കേരള നിയമസഭ
## പത്താം സമ്മേളനം

<u>2024 ഫെബ്രുവരി 02, വെള്ളി</u>

## കാര്യവിവരപ്പട്ടിക

**1.** <u>**ചോദ്യങ്ങൾ**</u> :
പ്രത്യേക ലിസ്റ്റിൽ കൊടുത്തിട്ടുള്ള ചോദ്യങ്ങൾ ചോദിക്കുകയും അവയ്ക്ക് മറുപടി പറയുകയും ചെയ്യുന്നതാണ്.

**2.** <u>**ശ്രദ്ധക്ഷണിക്കൽ**</u> :

(1) ആന്റിബയോട്ടിക്കുകളുടെ ദുരുപയോഗം തടയുന്നതിന് ആന്റിബയോട്ടിക് സാക്ഷരത നൽകുന്നതുൾപ്പെടെയുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. ഇ. ചന്ദ്രശേഖരൻ ആരോഗ്യ – വനിത – ശിശുവികസന വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതാണ്.

(2) വിശ്വകർമ്മ വിഭാഗത്തിന്റെ സാമൂഹ്യ – സാമ്പത്തിക – തൊഴിൽ – വിദ്യാഭ്യാസ – സാംസ്കാരിക സ്ഥിതി പഠിക്കുന്നതിന് സർക്കാർ നിയോഗിച്ച പി. എൻ. ശങ്കരൻ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. ചാണ്ടി ഉമ്മൻ പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതാണ്.

**3.** <u>**മേശപ്പുറത്തുവയ്ക്കുന്ന കടലാസുകൾ**</u>:
2023 - ലെ സാമ്പത്തിക അവലോകനം ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ മേശപ്പുറത്തു വയ്ക്കുന്നതാണ്.

**4.** <u>**റിപ്പോർട്ടുകളുടെ സമർപ്പണം**</u>:

(1) ധനകാര്യ വകുപ്പുമന്ത്രിയും സബ്ജക്ട് കമ്മിറ്റി VIII- ന്റെ അധ്യക്ഷനുമായ ശ്രീ. കെ. എൻ. ബാലഗോപാൽ 2024-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

(2) തദ്ദേശസ്വയംഭരണം – എക്സൈസ് വകുപ്പുമന്ത്രിയും സബ്ജക്ട് കമ്മിറ്റി IX- ന്റെ അധ്യക്ഷനുമായ ശ്രീ. എം. ബി. രാജേഷ് താഴെപ്പറയുന്ന ബില്ലുകളെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കുന്നതാണ്:

(i) 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ.

(ii) 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ.

(3) ആരോഗ്യ – വനിത – ശിശുവികസന വകുപ്പുമന്ത്രിയും സബ്ജക്ട് കമ്മിറ്റി XII- ന്റെ അധ്യക്ഷയുമായ ശ്രീമതി വീണാ ജോർജ്ജ് സംസ്ഥാനത്തെ ആരോഗ്യ ഉപകേന്ദ്രങ്ങളെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളാക്കുന്നതു സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

**5.** <u>**ഗവൺമെന്റ് പ്രമേയം**</u>:
സംസ്ഥാനത്തിന്റെ വായ്പാപരിധി വെട്ടിക്കുറയ്ക്കുകയും ഗ്രാന്റുകൾ തടഞ്ഞുവെയ്ക്കുകയും ചെയ്യുന്ന സമീപനത്തിൽ നിന്നും കേന്ദ്രസർക്കാർ പിന്തിരിയണമെന്ന് ആവശ്യപ്പെടുന്ന പ്രമേയം ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിക്കുന്നതാണ്.

(പ്രമേയത്തിന്റെ പകർപ്പ് പ്രത്യേകം വിതരണം ചെയ്തിട്ടുണ്ട്)

**6** **അനൗദ്യോഗികാംഗങ്ങളുടെ കാര്യം :**

(രാവിലെ 10.30 മണി മുതൽ ഉച്ചയ്ക്കുശേഷം 12.30 മണി വരെ)

(1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ടിന്റെ പരിഗണന.

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ :

(i) 2021– ലെ കേരള ഹോട്ടലുകളുടേയും റെസ്റ്റോറന്റുകളുടേയും നിലവാരവും ഭക്ഷണ – പാനീയങ്ങളുടെ ഗുണ–വില നിയന്ത്രണവും ബിൽ.

(ശ്രീ. സി. എച്ച്. കുഞ്ഞമ്പു നോട്ടീസ് നൽകിയത്)

(ii) 2021 – ലെ കേരള സംസ്ഥാന പ്രാദേശിക പത്ര–ദൃശ്യ മാധ്യമ രംഗത്തെ ജോലികൾ ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബിൽ.

(ശ്രീ. പി. സി. വിഷ്ണുനാഥ് നോട്ടീസ് നൽകിയത്)

(iii) 2022 – ലെ കേരള വനേതര പ്രദേശങ്ങളിലെ വൃക്ഷ സംരക്ഷണ ബിൽ.

(ശ്രീ. ഇ. കെ. വിജയൻ നോട്ടീസ് നൽകിയത്)

(iv) 2022 – ലെ കേരള ജൂനിയർ അഭിഭാഷക ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ.

(ശ്രീ. യു. എ. ലത്തീഫ് നോട്ടീസ് നൽകിയത്)

(v) 2023 – ലെ കേരള ഹോം നഴ്സിംഗ് സ്ഥാപനങ്ങൾ രജിസ്ട്രേഷനും നിയന്ത്രണവും ബോർഡ് ബിൽ.

(ഡോ. എൻ. ജയരാജ് നോട്ടീസ് നൽകിയത്)

(3) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങളുടെ തുടർചർച്ച :

(i) 2021 – ലെ കേരള മിശ്രവിവാഹിത കുടുംബ സംരക്ഷണ ബിൽ.

(ശ്രീ. എം. രാജഗോപാലൻ നോട്ടീസ് നൽകിയത്)

(ii) 2021 – ലെ കേരള ക്രിമിനൽ കേസിലെ സാക്ഷികൾക്ക് സംരക്ഷണവും സുരക്ഷയും നൽകൽ ബിൽ.

(ശ്രീ. അനൂപ് ജേക്കബ് നോട്ടീസ് നൽകിയത്)

(iii) 2021 – ലെ കേരള വീട്ടമ്മമാരുടെ ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ.

(ശ്രീ. ടി. വി. ഇബ്രാഹിം നോട്ടീസ് നൽകിയത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2024 ഫെബ്രുവരി 01.

ഷാജി സി. ബേബി,
സെക്രട്ടറി–ഇൻ–ചാർജ്ജ്.

# FIFTEENTH KERALA LEGISLATIVE ASSEMBLY
## Tenth Session

*Friday, February 02, 2024*

## LIST OF BUSINESS

**I. Questions:**

Questions entered in the separate list to be asked and answered.

**II. Calling Attention:**

(1) Shri. E. Chandrasekharan to call the attention of the Minister for Health and Woman and Child Development to the necessity to prevent antibiotic abuse by taking urgent steps including antibiotic literacy promotion.

(2) Shri. Chandy Oommen to call the attention of the Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Devaswoms & Parliamentary Affairs to the necessity to implement the recommendations of the Report submitted by P. N. Sankaran Commission appointed by the State Government to study the social, economic, educational, cultural and employment status of the Viswakarma community.

**III. Papers to be Laid:**

Shri. K. N. Balagopal, Minister for Finance to lay on the Table the Economic Review, 2023.

**IV. Presentation of Reports:**

(1) Shri. K. N. Balagopal, Minister for Finance and Chairman, Subject Committee-VIII to present the report of the Subject Committee on the Kerala State Goods and Services Tax (Amendment ) Bill, 2024.

(2) Shri. M. B. Rajesh, Minister for Local Self Governments and Excise and Chairman, Subject Committee-IX to present the Reports of the Subject Committee on the following Bills:

(i) The Kerala Municipality (Amendment ) Bill, 2024

(ii) The Kerala Panchayat Raj (Amendment) Bill, 2024.

(2) Smt. Veena George, Minister for Health and Woman and Child Development and Chairperson, Subject Committee-XII to present the Special Report regarding the conversion of Health Sub-Centers in the State into *Janakeeya Arogya Kendrangal*

**V. Government Resolution (Rule 118):**

Shri. K. N. Balagopal, Minister for Finance to move the Resolution to urge the Central Government to withdraw from their stand of curtailing the borrowing limit and withholding Central grant to the State.

(Copy of the resolution circulated separately)

**VI. Private Members' Business:**

(10.30 a.m to 12.30 p.m)

(1) Consideration of the Eleventh Report of the Committee on Private Members' Bills and Resolutions.

(2) Motion for leave to introduce the following Bills:

(i) The Kerala Hotels and Restaurants' (Maintaining of Standards and Control of Quality and Price of Food and Beverages) Bill, 2021.

(Given notice of by Shri. C. H. Kunhambu)

(ii) The Kerala State Welfare Fund for Workers in Regional Newspaper-Visual Media Sector Bill, 2021

(Given notice of by Shri. P. C. Vishnunadh)

(iii) The Kerala Preservation of Tree in Non - Forest Areas Bill, 2022

(Given notice of by Shri. E. K. Vijayan)

(iv) The Kerala Junior Advocates' Welfare Fund Board (Constitution) Bill, 2022

(Given notice of by Shri. U. A. Lathif)

(v) The Kerala Home Nursing Institutions (Registration and Regulation) Board Bill, 2023.

(Given notice of by Dr. N. Jayaraj)

(3) Motion for leave to introduce the following Bills:

(Continuation of discussion)

(i) The Kerala Inter Caste Marriage Family Protection Bill, 2021.

(Given notice of by Shri. M. Rajagopalan)

(ii) The Kerala Protection and Safety to Witnesses in Criminal Cases Bill, 2021.

(Given notice of by Shri. Anoop Jacob)

(iii) Constitution of the Kerala Housewives Welfare Fund Board Bill, 2021.

(Given notice of by Shri. T. V. Ibrahim)

Secretariat of the Kerala Legislature,
Thiruvananthapuram,
February 01, 2024.

Shaji C. Baby,
Secretary-in-Charge.